# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2894 02.04.2013 –ൽ - മറുപടിക്ക്

### എ.പി.എൽ കാർഡ് ബി.പി.എൽ കാർഡ് ആക്കി മാറ്റാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.സത്യൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടേണ്ട റേഷൻ കാർഡുടമകൾ തെറ്റായ നടപടിക്രമങ്ങൾ മൂലം എ.പി.എൽ വിഭാഗത്തിൽ വന്നത് തിരിയെ ബി.പി. എൽ. കാർഡ് ആയി മാറ്റിക്കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കേണ്ടത് എന്ന് വെളിപ്പെടുത്തുമോ; | (എ) | 05.11.2011 ലെ ജി.ഒ(എം.എസ്) നം. 38/11/ഭ.സി.സ.വ പ്രകാരം പുതിയ ബി.പി.എൽ. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ ലഭ്യമാക്കുവാനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാക്കി ഉത്തരവായിട്ടുണ്ട്. |
| (ബി) മുഖ്യമന്ത്രിയുടെ സുതാര്യകേരളം പദ്ധതിയിൽ ബി.പി.എൽ റേഷൻ കാർഡ് ലഭിയ്ക്കുവാൻ അപേക്ഷ നൽകുന്ന എ.പി.എൽ കാർഡുടമകൾക്ക് ഏതു മാനദണ്ഡം സ്വീകരിച്ചാണ് ബി.പി. എൽ കാർഡാക്കി നൽകുന്നതെന്ന് വിശദമാക്കുമോ ? | (ബി) | 2009 ലെ ബി.പി.എൽ. സർവ്വേ പട്ടികയിൽ ഉൾപ്പെട്ട അർഹരായവർക്ക് അന്വേഷണം നടത്തി ബി.പി.എൽ. കാർഡ് നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആശ്രയപദ്ധതിയിൽ അംഗങ്ങളായുള്ളവർ മാനസികവും, ശാരീരികവുമായ വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരെയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തി വിശദമായ അന്വേഷണം നടത്തി മേൽ പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ മുൻഗണനാ ക്രമമനുസരിച്ച് എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റി നൽകുന്നു. |

സെക്ഷൻ ഓഫീസർ